പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1280

30.09.2011-ൽ മറുപടിയ്ക്ക്

## മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ<br>,, പി. എ. മാധവൻ<br>,, പി. സി. വിഷ്ണുനാഥ്<br>,, അൻവർ സാദത്ത് | ശ്രീ.കെ.സി. ജോസഫ്<br>( ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |

എ. മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പു പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിന് അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ ;

എ. 2010-11 സാമ്പത്തിക വർഷത്തിൽ കേന്ദ്രവിഹിതമായി 70423.24219 ലക്ഷം രൂപ അനുവദിച്ചതിൽ 70324.0039 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ബി. മുൻവർഷങ്ങളിൽ പ്രസ്തുത പദ്ധതിയിൽ ഉണ്ടായ വീഴ്ചകളും ആരോപണങ്ങളും പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

ബി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മുൻകാലങ്ങളിലുണ്ടായവീഴ്ചകളും ആരോപണങ്ങളും പരിഹരിക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ക്രമക്കേടുകൾ തടയുന്നതിനുവേണ്ടി ബ്ളോക്ക്തല ഉദ്യോഗസ്ഥർ പ്രവൃത്തികളുടെ 100%-വും 10% ജില്ലാതല ഉദ്യോഗസ്ഥരും, 2%-സംസ്ഥാന തല ഉദ്യോഗസ്ഥരും സൂക്ഷ്മ പരിശോധന നടത്തി വരുന്നു. എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും വിജിലൻസ് ആന്റ് മോണിററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തികളുടെ നിർവ്വഹണം സോഷ്യൽ ഓഡിറ്റിന് വിധേയമാകുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ബ്ളോക്ക്-ജില്ല-സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര സംവിധാനം നിലവിലുണ്ട്. പരാതിയിൻമേലുള്ള അന്വേഷണം അഞ്ചുദിവസത്തിനകം നടത്തി ഏഴ് ദിവസത്തിനകം പരിഹരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സാധാരണക്കാരുടെ ഭാഷയിൽ എസ്റ്റിമേറ്റും പ്രവൃത്തി വിവരങ്ങളും തയ്യാറാക്കുന്നതിനും തൊഴിൽ സ്ഥലത്ത് പ്രവൃത്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ബോർഡ് സ്ഥാപിക്കുന്നതിനും കണക്കുകൾ പ്രദർശിപ്പിക്കുന്നതിനും

| | | | |
|---|---|---|---|
| | | | പ്രവർത്തികളെ സംബന്ധിച്ച ഏത് രേഖകളും പൊതുജനങ്ങൾക്ക് പരിശോധനയ്ക്ക് നൽകുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ നടത്തിയവർക്കെതിരെ ക്രിമിനൽ കേസ് ചാർജ്ജ് ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ പരാതികൾക്ക് തീർപ്പ് കൽപ്പിക്കുന്നതിനായി ഓംബുഡ്സ്മാനെ നിയമിക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| സി. | തൊഴിലുറപ്പ് പദ്ധതി പുതിയ ഏതെല്ലാം മേഖലകളിൽ കൂടി വ്യാപിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; | സി. | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം നിലവിൽ എട്ടിനം പ്രവൃത്തികളാണ് അനുവദനീയമായിട്ടുള്ളത്. കൂടാതെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വിവിധങ്ങളായ 49 ഇനം പ്രവൃത്തികൾ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. (പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്) |
| ഡി. | പദ്ധതി പ്രകാരം ഇപ്പോൾ നൽകുന്ന വേതനം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | ഡി. | സംസ്ഥാനത്തെ തൊഴിലുറപ്പു പദ്ധതിയുടെ വേതനം കർഷതൊഴിലാളികളുടെ മിനിമം വേതനമായ 200/- രൂപയായി വർദ്ധിപ്പിക്കുവാൻ സംസ്ഥാന സർക്കാർ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| ഇ. | തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിൽ ചില പഞ്ചായത്തുകളിൽ അഴിമതി നടന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇ. | ഉണ്ട്. |
| എഫ്. | എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ ; | എഫ്. | ഫീൽഡ്തല പരിശോധനകൾ കൂടുതൽ ശക്തമാക്കുകയും എല്ലാ വാർഡുകളിലും സോഷ്യൽ ഓഡിറ്റ് നടത്തുകയും ചെയ്യുന്നു. കൂടാതെ പദ്ധതി നടത്തിപ്പിൽ ക്രമക്കേടുകൾ നടത്തിയവർക്കെതിരെ ക്രിമിനൽ കേസ് ചാർജ്ജ് ചെയ്യുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരാതികൾക്ക് തീർപ്പ് കൽപ്പിക്കുന്നതിലേയ്ക്കായി എല്ലാ ജില്ലകളിലും ഓംബുഡ്സ്മാനെ നിയമിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. |
| ജി. | പ്രസ്തുത പദ്ധതി പ്രകാരം ഈ സാമ്പത്തിക വർഷം കേരളത്തിന് അനുവദിച്ച തുക എത്ര? | ജി. | 2011-12 സാമ്പത്തിക വർഷം 24-09-2011 വരെ 35656.21484 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്